# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5719** **18.11.2019 - ൽ മറുപടിക്ക്.**

## റേഷൻ കടകളുടെ പ്രവർത്തന സമയക്രമം

ചോദ്യം

**ശ്രീ.യു. ആർ. പ്രദീപ് :**

**എ)** സംസ്ഥാനത്ത് റേഷൻ ഡിപ്പോ ലൈസൻസികളിൽ എത്ര പേർ സ്ത്രീകളാണെന്ന് വ്യക്തമാക്കുമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ)** സംസ്ഥാനത്ത് ആകെ 3905 വനിതാ ലൈസൻസികളുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | വനിത ലൈസൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 683 |
| 2 | കൊല്ലം | 494 |
| 3 | പത്തനംതിട്ട | 301 |
| 4 | ആലപ്പുഴ | 410 |
| 5 | കോട്ടയം | 208 |
| 6 | ഇടുക്കി | 136 |
| 7 | എറണാകുളം | 291 |
| 8 | തൃശ്ശൂർ | 320 |
| 9 | പാലക്കാട് | 241 |
| 10 | മലപ്പുറം | 275 |
| 11 | കോഴിക്കോട് | 205 |
| 12 | വയനാട് | 81 |
| 13 | കണ്ണൂർ | 178 |
| 14 | കാസർഗോഡ് | 82 |
| | **ആകെ** | **3905** |

| | |
|---|---|
| (ബി) പൊതുവിതരണകേന്ദ്രത്തിന്റെ പ്രവർത്തി സമയം നിലവിൽ എങ്ങനെയാണ് ക്രമപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | (ബി) പൊതുവിതരണ കേന്ദ്രത്തിന്റെ പ്രവർത്തന സമയം നിലവിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെയും വൈകുന്നേരം 4 മണി മുതൽ 8 മണിവരെയുമാണ്. |
| (സി) സ്ത്രീകളായിട്ടുള്ള ലൈസൻസികളുടെ സൗകാര്യാർത്ഥം പൊതുവിതരണ കേന്ദ്രം തുറന്നു പ്രവർത്തിക്കേണ്ട സമയം രാവിലെ ഒൻപത് മണി മുതൽ ഒരു മണി വരെയും ഉച്ചതിരിഞ്ഞ് മൂന്ന് മണി മുതൽ ഏഴ് മണി വരെയും ആക്കി മാറ്റി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; | (സി) യും (ഡി) യും തൽക്കാലം പരിഗണനയിലില്ല. |
| (ഡി) എങ്കിൽ സ്ത്രീ ലൈസൻസികൾക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജനം ചെയ്യുന്ന ഈ സമയ ക്രമം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ മുന്തിയ പരിഗണന നൽകുമോ; എങ്കിൽ വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ